# നീര: ജില്ലാ പഞ്ചായത്ത് ബജറ്റ് സ്വാഗതാർഹം

മലപ്പുറം: നാളികേര കർഷകർക്ക് ഗുണം ചെയ്യുന്ന നീര പദ്ധതിക്ക് പ്രോൽസാഹനം നൽകിയ നീര ടെക്നീഷ്യൻമാരുടെ ട്രെയിനിങി ന് 15 ലക്ഷം രൂപ ബജറ്റിൽ മാറ്റി വെച്ച ജില്ലാ പഞ്ചായത്ത് പ്രസി ഡന്റിനെയും ഭരണ സമിതി യെയും മലപ്പുറം കോക്കനട്ട് പ്രൊ ഡ്യൂസർ കമ്പനി അഭിനന്ദിച്ചു.

സംസ്ഥാനത്ത് നീരക്ക് പ്രോൽസാഹനം നൽകുന്ന ആദ്യ ജില്ലാ പഞ്ചായത്താണ് മലപ്പുറം. നീര ടാപ്പ് ചെയ്യാൻ ആദ്യഘട്ട ത്തിൽ ലൈസൻസ് ലഭിച്ച 28 ഫെ ഡറേഷനുകളാണുള്ളത്. ഒരു പ ഞ്ചായത്തിൽ 1500 തെങ്ങുകൾ ക്കാണ് ടാപ്പ് ചെയ്യാനുള്ള ലൈ സൻസ് ലഭിച്ചത്. ചുരുങ്ങിയത് 220 ആളുകൾ വേണം നീര ടാപ്പ് ചെ യ്യാൻ. ട്രെയിനിങ് പൂർത്തിയായ വർക്ക് 10,500 മുതൽ 21, 000 രൂപ വരെ ശമ്പളത്തിൽ മറ്റ് ആനുകൂ ല്യങ്ങൾ നൽകി ജോലി ഉറപ്പ് കൊടുക്കുവാൻ ഈ പദ്ധതി കൊണ്ട് സാധിക്കും. 'നീര ടെക് നീഷ്യൻ ട്രെയിനിങിന്' ഒരു പ ഞ്ചായത്ത് ചുരുങ്ങിയത് 100 പേർക്ക് ട്രെയിനിങ് നൽകുവാ നുള്ള ഫണ്ട് ത്രിതല പഞ്ചായ ത്തുകൾ ബഡ്ജറ്റിൽ മാറ്റി വെ ക്കണമെന്നും ജില്ലാ പഞ്ചായത്ത് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്ക ണമെന്നും ആവശ്യപ്പെട്ടു.

ചെയർമാൻ നാസർ പൊന്നാട്, വൈസ് ചെയർമാൻ ഡോ.കു ഞ്ഞാലി, ഡയറക്ടർമാരായ എം.അ മീർ അലി, സി.അവറാൻകുട്ടി, കമ്പ നി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം.ഹേനി, പി.ആർ.ഒ പി.ബഷീർ മുതുവല്ലൂർ പ്രസംഗിച്ചു.